## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4368 19-10-2011-ലെ മറുപടിക്ക്

## കുട്ടനാട് പാക്കേജിലെ പ്രോജക്ടുകളുടെ കേന്ദ്രാനുമതി

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ.പി. തിലോത്തമൻ<br>ശ്രീ. കെ. അജിത്<br>ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് ഇതിനകം കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുള്ള പ്രോജക്ടുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ,ബി&സി,) കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽ സമർപ്പിച്ച പ്രോജക്ടുകളും അവയിൽ അനുമതി ലഭിച്ചവയും, അനുവദിച്ച പദ്ധതികൾക്ക് റിലീസ് ചെയ്ത തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് കേന്ദ്രത്തിന് സമർപ്പിച്ച പ്രോജക്ടുകളിൽ എത്രയെണ്ണത്തിന് ഇതുവരെ അനുമതി ലഭിച്ചിട്ടുണ്ട്; | |
| (സി) | അനുവദിച്ച പദ്ധതികൾക്കുവേണ്ടി പണം റിലീസ് ചെയ്തിട്ടുള്ളവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | |
| (ഡി) | കുട്ടനാട് പാക്കേജിൽപ്പെടുത്തി ഏതെങ്കിലും പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ? | (ഡി) സംസ്ഥാന ഫണ്ട് ഉപയോഗിച്ച് കുട്ടനാട് പാക്കേജിൻ കീഴിൽ വിവിധ വകുപ്പുകൾ വഴി പൂർത്തീകരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**കൃഷി വകുപ്പ്**<br>1. ഓണാട്ടുകരയിലെ ഒന്നാം നെൽകൃഷി (ഫുഡ് സെക്യൂരിറ്റി മിഷൻ)<br>2. മണ്ണ് പരിശോധനാതിഷ്ഠിതമായ വളപ്രയോഗങ്ങൾ (സോയിൽ സർവേ)<br>3. കുട്ടനാട്ടിലെ കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് വിതരണം. |

**<u>മൃഗസംരക്ഷണ വകുപ്പ്</u>**

1. നിരണം താറാവു വളർത്തൽ കേന്ദ്രം വികസിപ്പിക്കുക.
2. താറാവുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷയും പ്രീമിയത്തിൽ സബ്സിഡിയും നൽകുക.

**<u>മത്സ്യബന്ധന വകുപ്പ്</u>**

1. മത്സ്യ- വിത്തുൽപ്പാദന കേന്ദ്രങ്ങളിൽ നിന്ന് മത്സ്യകുഞ്ഞുങ്ങളെ പൊതു ജലാശയങ്ങളിൽ നിക്ഷേപിക്കൽ.
2. ആറ്റുകൊഞ്ചിന്റേയും കരിമീനിന്റേയും അടിയന്തിര പരിപാലന സംരക്ഷണ പരിപാടി.
3. ഗ്രൂപ്പ് അടിസ്ഥാനത്തിൽ അലങ്കാര മത്സ്യ കൃഷി.
4. മത്സ്യത്തൊഴിലാളികൾക്ക് ശീതീകരണ സംഭരണ സംവിധാനം.
5. മത്സ്യ സംസ്കരണ കേന്ദ്രത്തിൽ ആരോഗ്യവും ശുചിത്വ പരിപാലനത്തിനും മത്സ്യത്തൊഴിലാളികൾക്ക് പരിശീലനം.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.